E & TW 3 – 739/08.

Office of the
Chief Conservator of Forests (E&TW)
Forest Headquarters,
Vazhuthacaud,
Thiruvananthapuram – 14.
Date : 01/08/2009.

## സർക്കുലർ

വിഷയം:– ചെറുകിട വനവിഭവങ്ങളുടെ നിലനില്പുറപ്പാക്കിയും ജൈവവൈവിദ്ധ്യം സംരക്ഷിച്ചുകൊണ്ടും സമഗ്രമായ ശേഖരണം – മൂല്യവർദ്ധന – വിപണനം തുടങ്ങിയവ ജനപങ്കാളിത്തത്തിലൂടെ നടപ്പാക്കൽ – മാർഗ്ഗനിർദ്ദേശങ്ങൾ

വനത്തിലെ ചെറുകിട വിഭവങ്ങൾ അവയുടെ നിലനില്പിന് കോട്ടം തട്ടാതെ വനാശ്രിത സമൂഹങ്ങളെക്കൊണ്ട് ശേഖരിപ്പിച്ച് മൂല്യവർദ്ധിത വസ്തുക്കളാക്കി വിപണനം ചെയ്ത് അവരുടെ സാമൂഹിക–സാമ്പത്തിക ഉന്നമനത്തിന് പ്രയോജനപ്പെടുത്തലാണ് വനംവകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. 13..11..2008 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധാരണ വളർന്നിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇത് വേണ്ടത്ര പുഷ്ടിപ്പെട്ടിട്ടില്ല. ഈ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫോറസ്റ്റ് റെയിഞ്ചാഫീസറുടെയും വി.എസ്.എസ്. / ഇ.ഡി.സി. കളുടെയും മേൽനോട്ടത്തിൽ ഓരോ റെയിഞ്ചിലും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാൻ കഴിയുന്ന വനമേഖലകൾ കണ്ടെത്തണം.

2. മേൽ പ്രകാരം കണ്ടെത്തിയ മേഖലകളിൽ ലഭ്യമായ (i) ചെറുകിട വനവിഭവങ്ങൾ (ii) അളവ് (iii) സുസ്ഥിരതയുറപ്പാക്കുന്ന ശേഖരണരീതി (iv) മൂല്യവർദ്ധനയ്ക്കാവശ്യമായ നടപടികൾ എന്നിവ തീരുമാനിക്കണം.

3. RET ഡേറ്റാ സ്പീഷീസ് ഉള്ളതിന്റെ വിവരങ്ങൾ ശേഖരിച്ച് അവയുടെ സംരക്ഷണത്തിനുള്ള പ്രത്യേക നടപടികളും തീരുമാനിക്കണം.

4. മേൽ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി ഈ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ഇതിലേയ്ക്കായിട്ടുള്ള രണ്ട് ദിവസത്തെ ശില്പശാല ഉടനെ എല്ലാ വനവികാസ ഏജൻസികളും നടത്തേണ്ടതാണ്.

5. ചെറുകിട വനവിഭവങ്ങളുടെ ശേഖരണത്തിനുള്ള യൂസർ ഗ്രൂപ്പിനെ വി.എസ്.എസ്. / ഇ.ഡി.സി. മുഖേന കണ്ടെത്തി നിജപ്പെടുത്തണം. യൂസർ ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (നമ്പർ E&TW1-148/08 തീയതി 30/07/2009) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വനത്തിനുള്ളിൽ വനവിഭവങ്ങൾ ശേഖരിച്ച് കഴിയുന്ന എല്ലാ ആദിവാസികളേയും യൂസർ ഗ്രൂപ്പിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്ന യൂസർ ഗ്രൂപ്പിലെ അംഗങ്ങൾ ചേർന്ന് വനവിഭവങ്ങളുടെ നിലനില്പിന് കോട്ടം തട്ടാത്തവിധത്തിലുള്ള ശേഖരണം, മൂല്യവർദ്ധന എന്നിവയെ സംബന്ധിച്ച് പ്രാദേശിക ചട്ടങ്ങൾ (Access Rules) തയ്യാറാക്കണം. RET ഡേറ്റാ സ്പീഷിസ് ലിസ്റ്റിൽപ്പെട്ട ചെടികളിൽ നിന്നും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാൻ പാടില്ല.

7. യൂസർ ഗ്രൂപ്പിലെ അംഗങ്ങൾ ചേർന്ന് ഓരോ റെയിഞ്ചിലും ചെറുകിട വനവിഭവങ്ങൾ ശേഖരിയ്ക്കുന്നതിനും, മൂല്യവർദ്ധന നടത്തുന്നതിനും കേന്ദ്രങ്ങൾ എവിടെ

വേണമെന്നും അവയുടെ നിയന്ത്രണം എങ്ങനെ വേണമെന്നും തീരുമാനിക്കണം, യൂസർ ഗ്രൂപ്പ് തീരുമാനിക്കുന്ന വി.എസ്.എസ്. / ഇ.ഡി.സി.കളുടെ ചുമതലയിലായിരിക്കണം ഈ കേന്ദ്രങ്ങൾ.

8. ശേഖരണത്തിനും, മൂല്യവർദ്ധനവിനും നൽകേണ്ട ചെലവ് ഈ കേന്ദ്രങ്ങളിൽ നിന്നും യഥാസമയം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഈ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

9. ചെറുകിട വനവിഭവങ്ങൾ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും കേന്ദ്രത്തിലേയ്ക്ക് അവ കൊണ്ടുപോകുന്നതിനു മുമ്പ് ഓരോന്നിനും റെയിഞ്ചാഫീസറുടെ സാക്ഷ്യപത്രം ആവശ്യമാണ്.

10. ശേഖരിച്ച വിഭവങ്ങൾ / ഉല്പന്നങ്ങൾ എവിടെ എത്ര വിലയ്ക്ക് വിറ്റഴിക്കണമെന്ന് എഫ്.ഡി.എ. തീരുമാനിക്കണം.

11. ശേഖരണ നിരക്കുകൾ സംസ്കരണച്ചെലവുകൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങളും എഫ്.ഡി.എ. തലത്തിലെടുക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനായി എഫ്.ഡി.എ. ഒരു ഉപസമിതിയെ ചുമതലപ്പെടുത്തണം.

12. ചെറുകിട വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുമ്പോൾ ലഭിക്കുന്ന അറ്റാദായത്തിന്റെ വിഹിതം സർക്കാർ ഉത്തരവ് നമ്പർ 40/2001/വനം തിയതി 02/02/2001 പ്രകാരം വിനിയോഗിക്കേണ്ടതാണ്.

എഫ്.ഡി.എ. തലത്തിൽ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടുകൾ ലഭ്യമാക്കുന്നതിനു വേണ്ട പ്രോജക്ടുകൾ എത്രയും വേഗം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ഉള്ളടക്കം : യൂസർ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള
സി.സി.എഫ്. കൗൺസിൽ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (E&TW)**